കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കണ്ണൂർ ജില്ല - കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത് - 2007-08 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 3.4 – ജനകീയാസൂത്രണ പദ്ധതിയിൽ പ്രാദേശിക വികസന മേഖലയിൽ ഗ്രാമപഞ്ചായത്തിലെ ഖാദി കേന്ദ്രങ്ങൾക്ക് സബ്സിഡി മാനദണ്ഡം പാലിക്കാതെ ഒരുലക്ഷം രൂപ അധികമായി നൽകിയ നടപടിയ്ക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==================================================================

തദ്ദേശ സ്വയംഭരണ (എ.സി) വകുപ്പ്

സ.ഉ (സാധാ)നം. 2148/2013/തസ്വഭവ തിരുവനന്തപുരം, തീയതി: 23.08.2013

---

പരാമർശം: 1. ഇൻഡസ്ട്രീസ് & കൊമേഴ്സ് വകുപ്പ് ഡയറക്ടറുടെ 11.12.12-ലെ ഐ.എ.ഡബ്ല്യൂ/17019/12-ാം നമ്പർ കത്ത് പ്രകാരം ലഭ്യമായ ശ്രീ.സി.രമേശന്റെ 10.08.2012-ലെ അപേക്ഷ.

2. കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി 28.07.12-ൽ കൂടിയ മീറ്റിംഗിലെ 14-7/12-ാം നമ്പർ തീരുമാനം.

3. ഗ്രാമവികസന കമ്മീഷണറുടെ 08.04.13-ലെ 1078/ഡിപി3/13/സിആർഡി നമ്പർ കത്ത്

4. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 15.05.13-ലെ എൽ.എഫ് 6446/സ്പെ.സെൽ / സി.എസ്.സി/ഡി3/12-ാം നമ്പർ കത്ത്.

## <u>ഉത്തരവ്</u>

കണ്ണൂർ ജില്ലയിലെ കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത് 2007-08 വർഷത്തിൽ ജനകീയാസൂത്രണ പദ്ധതിയിൽ പ്രാദേശിക വികസന മേഖലയിൽ കണ്ണൂർ സർവ്വോദയ സംഘത്തിന് കീഴിൽ പ്രവർത്തിക്കുന്ന മാങ്ങാട്ടിടം ഗ്രാമപഞ്ചായത്തിലെ 2 ഖാദി കേന്ദ്രങ്ങൾക്ക് ചർക്കകൾ ലഭ്യമാക്കുന്നതിന് പദ്ധതി ചെലവിന്റെ $\frac{1}{3}$ ഭാഗത്തിന് പകരം $\frac{1}{2}$ ഭാഗം സബ്സിഡിയായി അനുവദിക്കുകവഴി ഒരു ലക്ഷം രൂപ അധികമായി ചെലവഴിച്ച നടപടി 2007-08 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.4 പ്രകാരം തടസ്സപ്പെടുത്തുകയുണ്ടായി.

കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത് 2007-08 വർഷത്തെ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി മാങ്ങാട്ടിടം പഞ്ചായത്തിൽ കൈതേരി, ശങ്കരനല്ലൂർ ഖാദികേന്ദ്രങ്ങൾക്കായി 6 ലക്ഷം രൂപ മൊത്തം അടങ്കലിൽ മൂന്നുലക്ഷം രൂപ ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 51/08-ാം നമ്പർ പ്രോജക്ട് തയ്യാറാക്കുകയും 17.09.07 -ലെ 57/07-08 നമ്പർ തീരുമാനപ്രകാരം കൂത്ത്പറമ്പ് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി അംഗീകാരം നൽകുകയും 7.11.07-ലെ 1471/07/TAG/DPO/KNR തീരുമാനപ്രകാരം സാങ്കേതികാനുമതിയും 9.11.07-ലെ 255/07/DPC/DPOK തീരുമാനപ്രകാരം ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരവും പദ്ധതിക്ക് ലഭിച്ചു. എന്നാൽ ഖാദികേന്ദ്രങ്ങൾക്ക് ഒരു ലക്ഷം രൂപ അധികം അനുവദിക്കുക വഴി 24.07.07-ലെ സ.ഉ (എം.എസ്)183/07 പ്രകാരമുള്ള സബ്സിഡി മാനദണ്ഡങ്ങൾ പാലിക്കാത്തതിനാൽ, പഞ്ചായത്ത് ഫണ്ടിൽ നിന്നും അധികം ചെലവായ 1,00,000/- രൂപ ഈടാക്കുന്നതിലേക്കായി നിർവ്വഹണ ഉദ്യോഗസ്ഥനായ ശ്രീ.സി.രമേശന് ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ സർചാർജ്ജ് നോട്ടീസ് നൽകിയിരുന്നു.

പരമ്പരാഗത വ്യവസായ മേഖലയിൽ പ്രവർത്തിക്കുന്ന ഒരു സഹകരണ സ്ഥാപനത്തിന് പ്രോത്സാഹനം എന്ന നിലയിലും ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതി, ജില്ലാ സാങ്കേതിക ഉപദേശ സമിതി, ജില്ലാ ആസൂത്രണ സമിതി എന്നീ മൂന്ന് സമിതികളുടെ അംഗീകാരം ലഭിച്ചതുമായ പദ്ധതി ആയതിനാലും സാമ്പത്തിക വർഷത്തിന്റെ അവസാനപാദത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ അധിക ചുമതല നടപ്പിലാക്കേണ്ടിവന്നതിനാലും ഇക്കാര്യത്തിൽ സംഭവിച്ച അപാകതകൾ മാപ്പാക്കി നൽകണമെന്നും പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി കണ്ണൂർ സർവ്വോദയ സംഘത്തിന് 1,00,000 രൂപ സബ്സിഡി നൽകിയ നടപടിക്ക് സാധൂകരണം നൽകണമെന്നും കാണിച്ച് പരാമർശം (2) -ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനം സഹിതം ശ്രീ.രമേശൻ പരാമർശം (1) പ്രകാരം അപേക്ഷിക്കുകയുണ്ടായി.

ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് കമ്മീഷനിൽ രജിസ്റ്റർ ചെയ്ത ഒരു ചാരിറ്റബിൾ സംഘമായി കണ്ണൂർ സർവോദയ സംഘത്തിന് സബ്സിഡി മാനദണ്ഡങ്ങൾ ലംഘിച്ച് തുക അനുവദിച്ചെങ്കിലും പാവപ്പെട്ട ഖാദിതൊഴിലാളികൾക്കാണ് പദ്ധതിയുടെ പ്രയോജനം ലഭിച്ചിട്ടുള്ളതെന്ന് ഗ്രാമവികസന കമ്മീഷണറുടെ പരാമർശം 3-ലെ കത്തിലെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിലും ലോക്കൽഫണ്ട് ആഡിറ്റ് ഡയറക്ടറുടെ പരാമർശം 4-ലെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും, സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഗ്രാമവികസനകമ്മീഷണറുടെ പരാമർശം 3-ലെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും പഞ്ചായത്ത് ഭരണസമിതി, ജില്ലാ സാങ്കേതിക ഉപദേശ സമിതി, ജില്ലാ ആസൂത്രണ സമിതി എന്നിവ പരിശോധിച്ച് അംഗീകരിച്ച പദ്ധതിയാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ നടപ്പാക്കിയിട്ടുള്ളത് എന്നതിനാലും മാനദണ്ഡങ്ങളിൽ കൂടുതൽ സബ്സിഡി നൽകിയത് നിർവ്വഹണോദ്യോഗസ്ഥന്റെ മാത്രം പിഴവായി കാണുന്നത് ശരിയല്ല എന്നതിനാലും, പ്രസ്തുത പദ്ധതി നടത്തിപ്പിന് മറ്റ് ക്രമക്കേടുകളൊന്നും ചൂണ്ടികാട്ടിയിട്ടില്ലാത്തതിനാലും പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി കണ്ണൂർ സർവ്വോദയ സംഘത്തിന് 1,00,000/- ( ഒരു ലക്ഷം രൂപ ) സബ്സിഡി നൽകിയ നടപടിയ്ക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
എം.ജവഹറ ബീവി,
ഡെപ്യൂട്ടി സെക്രട്ടറി.

സെക്രട്ടറി, കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത്, കണ്ണൂർ ജില്ല.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ/എ & ഇ), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ &എ), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ് , വികാസ് ഭവൻ, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഡസ്ട്രീസ് &കൊമേഴ്സ് വകുപ്പ്, തിരുവനന്തപുരം.
ശ്രീ.രമേശൻ, (ഇൻഡസ്ട്രീസ് &കൊമേഴ്സ് വകുപ്പ് ഡയറക്ടർ മുഖേന)
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.
( സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഐ.കെ.എം, പ്രതീക്ഷ, പാങ്ങപ്പാറ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.